ജില്ലയിൽ 674 പേർക്ക് കോവിഡ്

കൊച്ചി: എറണാകുളം ജില്ലയിൽ ഇന്നലെ കോവിഡ് സ്ഥിരീകരിച്ചത് 674 പേർക്ക്. ഇതിൽ 456 പേർക്കും രോഗം സ്ഥിരീകരിച്ചത് സമ്പർക്കത്തിലൂടെ. 198 പേരുടെ രോഗത്തിന്റെ ഉറവിടം വ്യക്തമല്ല.

നാലു പോലിസ് ഉദ്യോഗസ്ഥർക്കും ഐ.എൻ.എച്ച്.എസിലെ രണ്ടു പേർക്കും 15 ആരോഗ്യപ്രവർത്തകർക്കും കൂടി ഇന്നലെ സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ചു. ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ അഞ്ചു പേർ വിദേശം,

ഇതരസംസ്ഥാനം എന്നിവിടങ്ങളിൽ നിന്നും എത്തിയവരാണ്. ഇന്നലെ 741 പേർ രോഗമുക്തി നേടി. 1922 പേരെ കൂടി ജില്ലയിൽ പുതിയതായി വീടുകളിൽ നിരീക്ഷണത്തിലാക്കി.

നിരീക്ഷണ കാലയളവ് അവസാനിച്ച 2605 പേരെ നിരീക്ഷണപട്ടികയിൽ നിന്നും ഒഴിവാക്കി.

നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 29883 ആണ്. ഇതിൽ 28346 പേർ വീടുകളിലും 66 പേർ കോവിഡ് കെയർ സെന്ററുകളിലും 1471 പേർ പണം കൊടുത്തു ഉപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്.

ഇന്നലെ 98 പേരെ ആശുപത്രിയിലും എഫ്.എൽ.റ്റി.സിയിലും പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിലും എഫ്.എൽ.റ്റി.സികളിൽ നിന്ന് 113 പേരെ ഇന്നലെ ഡിസ്ചാർജ് ചെയ്തു. 12325 പേരാണ് നിലവിൽ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച് ചികിൽസയിൽ കഴിയുന്നത്. ജി.എച്ച് മൂവാറ്റുപുഴ–12, ഡി.എച്ച് ആലുവ–8, പറവൂർ താലൂക്ക് ആശുപത്രി–3, സഞ്ജീവനി–60, സ്വകാര്യ ആശുപത്രികൾ–712, എഫ്.എൽ.റ്റി.സികൾ–964, എസ്.എൽ.റ്റി.സികൾ–140, വീടുകൾ–9512 എന്നിങ്ങനെയാണ് ചികിൽസയിൽ കഴിയുന്നത്. ഇന്നലെ ജില്ലയിൽ നിന്നും കോവിഡ് പരിശോധനയുടെ ഭാഗമായി സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നായി 5191 സാമ്പിളുകൾ കൂടി അയച്ചു.

● റൂറൽ ജില്ലാ പോലീസിന്റെ ഡോഗ് സ്ക്വാഡിലേക്ക് പുതുതായി എത്തിയ മാർലിയും ബെർട്ടിയും പരിശീലകരോടൊപ്പം.

കുറ്റാന്വേഷണത്തിന് കൂടുതൽ കരുത്ത് റൂറൽ പോലീസിന് മാർലിയും ബെർട്ടിയും

മൂവാറ്റുപുഴ: റൂറൽ ജില്ലാ പോലീസിന്റെ ഡോഗ് സ്ക്വാഡിലേക്ക് മാർലിയും ബെർട്ടിയും എത്തിയതോടെ കുറ്റാന്വേഷണത്തിന് കൂടുതൽ കരുത്ത് പകരും. വിദഗ്ധ പരിശീലനം നേടിയ നായ്ക്കളാണ് ഇരുവരും.

ബിൻ ലാദനേയും ബാഗ്ദാദിയേയും പിടികൂടാൻ അമേരിക്കൻ സേനയെ സഹായിച്ചതിലൂടെ പ്രശസ്തി നേടിയ ബെൽജിയൻ മലിനോയ്സ് ഇനത്തിൽപ്പെട്ടവളാണ് മാർലി. മോഷണം, കൊലപാതകം തുടങ്ങിയ കേസുകളിൽ അന്വേഷണം നടത്തുന്ന ട്രാക്കർ വിഭാഗത്തിൽ പോലീസ് അക്കാദമിയിൽ ഒമ്പതു മാസത്തെ പരിശീലനത്തിനു ശേഷമാണ് മാർലി റൂറൽ സ്ക്വാഡിന്റെ ഭാഗമാകുന്നതെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു. മികച്ച പരിശീലനത്തിനു ശേഷം ഒന്നാം സ്ഥാനം നേടിയാണ് ഇവരുടെ രംഗപ്രവേശം.

സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിൽ നേടിയ പരിശീലനവുമായാണ് ബീഗിൽ ഇനത്തിൽപ്പെട്ട ബെർട്ടി എത്തിയിരിക്കുന്നത്.

എയർപ്പോർട്ടുകളിലും മറ്റും ഡ്യൂട്ടി ചെയ്യാൻ മിടുക്കിയാണ് ബെർട്ടി. ആദ്യമായാണ് ഇത്തരത്തിൽപ്പെട്ട നായകളെ കേരളാ പോലീസിൽ എടുക്കുന്നത്. പഞ്ചാബ് ഹോംഗാർഡ് ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ് ഇവരെ വാങ്ങിയത്.

സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ സോമൻ പി., സിൽജൻ വി.കെ., പ്രബിഷ് ശങ്കർ, വില്യം വർഗീസ് എന്നിവരാണ് ഹാന്റ്ലർമാർ. ഇതോടെ കുറ്റകൃത്യം തെളിയിക്കുന്നതിനും സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും രണ്ട് നായകൾ വീതവും നിരോധിത ലഹരി വസ്തുക്കൾ കണ്ട് പിടിക്കുന്നതിന് ഒരു നായയും ഉൾപ്പടെ 5 നായകൾ എറണാകുളം റൂറൽ ജില്ലയിലെ ഡോഗ് സ്ക്വാഡിൽ അന്വേഷണ സഹായികളായുണ്ടാകും.

ചാവറ കൾച്ചറൽ സെന്ററിൽ മലയാള ഭാഷാവാരാചരണം

കൊച്ചി: ചാവറ കൾച്ചറൽ സെന്ററിൽ കേരളപിറവിയോടനുബന്ധിച്ച് മലയാള ഭാഷാവാരാചരണം നടത്തും. നാളെ മുതൽ ഏഴുവരെയാണ് പരിപാടികൾ. നാളെ വൈകിട്ട് 5.30ന് സാനുമാഷിന്റെ 94–ാം ജന്മദിനാഘോഷവും തുടർന്ന് മലയാളഭാഷാവാരാചരണം പ്രഭാഷണത്തിന്റെ ആരംഭവും. സി.എം.ഐ. സഭ വിദ്യാഭ്യാസ മാധ്യമ വിഭാഗം ജനറൽ കൗൺസിലർ ഫാ.മാർട്ടിൻ മള്ളാത്ത് അധ്യക്ഷത വഹിക്കും. മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്യും. ടി.ജെ.വിനോദ് എം.എൽ.എ ഉപഹാരസമർപ്പണം ചെയ്യും. പ്രൊഫ. എം.തോമസ് മാത്യു, ജോൺപോൾ, കെ. വി.പി. കൃഷ്ണകുമാർ, ടി.കലാധരൻ എന്നിവർ പ്രസംഗിക്കും.

2ന് വൈകിട്ട് 5.30ന് പ്രഭാഷണം മലയാള നാടകപ്രസ്ഥാനം ഭാവുകത്വപരിണാമങ്ങൾ ഡോ.രാജാ വാര്യർ, ടി.എം.എബ്രഹാം അധ്യക്ഷത വഹിക്കും. 3ന് വൈകിട്ട് 5.30ന് പ്രഭാഷണം പ്രഫ. എം. തോമസ് മാത്യു മലയാള സാഹിത്യത്തിലെ പുതിയ കാഴ്ചപ്പാടുകൾ. ഡോ. പ്രമീള ദേവി അധ്യക്ഷത വഹിക്കും. 6ന് വൈകിട്ട് 5.30 ന് പ്രഭാഷണം ജോൺ പോൾ, സാഹിത്യം സിനിമയാകുമ്പോൾ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. അധ്യക്ഷത വഹിക്കും. 7 ന് വൈകിട്ട് 5.30ന് പ്രഭാഷണം മലയാള ചെറുകഥയിലെ സമകാലികത– സന്തോഷ് എച്ചിക്കാനം. ഡോ.ബിന്ദു ജോസഫ് അധ്യക്ഷത വഹിക്കും. പരിപാടികൾ സൂം ആപ്പിലാണ്. കൂടാതെ ഫേസ്ബുക്ക്, യൂട്യൂബ് ലൈവിൽ ലഭിക്കുമെന്ന് ഡയറക്ടർ ഫാ.തോമസ് പുതുശേരി അറിയിച്ചു.

സമ്പന്നമുസ്ലീം വിഭാഗത്തിന്റെ സംവരണം പിൻവലിക്കണം: സി.ബി.സി.ഐ.

കൊച്ചി: സാമ്പത്തിക സംവരണത്തിന് മുന്നോക്ക സംവരണമെന്നും സവർണ സംവരണമെന്നും സൂചിപ്പിച്ചുള്ള സർക്കാർ ഉത്തരവുകൾ സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കുള്ള സംവരണമെന്ന് തിരുത്തിയിറക്കണമെന്ന് സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ സെക്രട്ടറി വി.സി. സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.



● പണി പൂർത്തിയായി ഗതാഗതത്തിന് തുറന്നു കൊടുക്കാൻ തയാറാകുന്ന വൈറ്റില മേൽപാലത്തിൽ വൈദ്യുത വിളക്കുകൾ പ്രകാശിച്ചപ്പോൾ. - പി.ആർ. രാജേഷ്

● നഗരയാത്രയ്ക്കിനി പുതിയ മുഖം

മെട്രോപ്പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നവംബർ ഒന്നിന്

കൊച്ചി: യാത്രക്കാരുടെ സൗകര്യങ്ങൾക്കനുസരിച്ച് ഇഷ്ടാനുസരണം യാത്രാ ഉപാധി ഒരുക്കുന്ന മെട്രോപ്പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നവംബർ ഒന്നിന് ജില്ലയിൽ പ്രവർത്തനം തുടങ്ങും. അതോറിറ്റിയുടെ പ്രവർത്തന ഉദ്ഘാടനം നവംബർ ഒന്നിന് 2.30 ന് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിക്കും. ആദ്യഘട്ടത്തിൽ കൊച്ചി കോർപറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണ് അതോറിറ്റി രൂപീകരിക്കുന്നത്. തുടർന്ന് ജിഡ, ജി.സി.ഡി.എ പരിധിയിൽ വരുന്ന പ്രദേശങ്ങളിലും അതോറിറ്റിയുടെ നേതൃത്വത്തിൽ വാഹന സൗകര്യം ഒരുക്കും.

യാത്രക്കാരുടെ ആവശ്യത്തിനും, താല്പര്യത്തിനും അനുസരിച്ച് പൊതുഗതാഗതം ഒരുക്കുക എന്നതാണ് അതോറിറ്റി ലക്ഷ്യമിടുന്നത്. റയിൽവേ, മെട്രോ റയിൽ, ബസ് സർവീസ്, ടാക്സി സർവീസ്, ഓട്ടോറിക്ഷ, സൈക്കിൾ തുടങ്ങിയ ഗതാഗത മാർഗങ്ങളുടെ ഏകോപനം ഇതിനായി ആദ്യഘട്ടത്തിൽ ഉറപ്പാക്കി. സർവീസ് നടത്തുന്ന ബസുകളെയെല്ലാം ചേർത്ത് കമ്പനി രൂപീകരിച്ചു.

ഓട്ടോ സർവീസുകളെല്ലാം ഒന്നിപ്പിക്കുന്ന സൊസൈറ്റിയുടെ രൂപീകരണവും പൂർത്തിയായി. കൊച്ചി മെട്രോയുടെ കീഴിലെ സൈക്കിൾ യാത്രയും ഇതിനു വേണ്ടി ഉപയോഗിക്കും. പദ്ധതി പ്രാവർത്തികമാകുന്നതോടെ യാത്രക്കാർക്ക് ഒരു ടിക്കറ്റിൽ ഏത് ഉപാധിയിലൂടെയും യാത്ര ചെയ്യാവുന്ന സൗകര്യവും ഒരുക്കും.

മെട്രോ വൺ കാർഡ് പദ്ധതിയും ബസുകളിൽ സ്മാർട്ട്കാർഡുപയോഗിച്ചുള്ള യാത്രയും നഗരത്തിൽ നിലവിലുണ്ട്. 150 ബസുകളിലാണ് ഇത്തരം സംവിധാനമുള്ളത്. ഇത് ഓട്ടോ റിക്ഷകളിലേക്കും, ബോട്ട് സർവീസിലേക്കും വ്യാപിപ്പിക്കും. ട്രാഫിക് നിയന്ത്രണങ്ങൾക്കായി ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റവും നഗരത്തിൽ നടപ്പാക്കി കഴിഞ്ഞു.

മെട്രോ നഗരങ്ങളിലെല്ലാം തന്നെ യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി വേണമെന്ന നിർദ്ദേശത്തെ തുടർന്നാണ് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ രൂപീകരണം. പൊതുഗതാഗത ഏകോപനം, നടത്തിപ്പ്, നിയന്ത്രണം, ആസൂത്രണം, മേൽനോട്ടം എന്നിവയാണ് അതോറിറ്റിയുടെ ചുമതല. ഇന്ത്യയിലെ മറ്റ് മെട്രോ നഗരങ്ങളിലെല്ലാം അതോറിറ്റി രൂപീകരിച്ചുവെങ്കിലും പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടില്ല. എന്നാൽ കൊച്ചി നഗരത്തിൽ അതോറിറ്റിയുടെ പ്രവർത്തനം കൃത്യമായി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനം. സിംഗപ്പൂരിലെ ലാൻഡ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നിർദ്ദേശങ്ങളും കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ വരുന്നതോടെ പരിധിയിൽ വരുന്ന പൊതുഗതാഗത സംവിധാനങ്ങളും, റോഡുകളും, ട്രാഫിക് നിയന്ത്രണവും എല്ലാം അതോറിറ്റിയുടെ പൂർണ നിയന്ത്രണത്തിലാകും. റോഡ് അറ്റകുറ്റപണികൾ വരെ അതോറിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും നടക്കുക. എല്ലാ ഭാഗങ്ങളിലേക്കുമുള്ള യാത്രാസൗകര്യങ്ങളും അതോറിറ്റി ഉറപ്പു വരുത്തും. പദ്ധതിയുടെ നടത്തിപ്പിനായി നഗരത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന പ്രവർത്തനങ്ങളാണ് വരുന്നത്. സൈക്കിൾ യാത്രക്കാർക്കായി റോഡിനോടു ചേർന്ന് പ്രത്യേക പാത ഒരുക്കും. കാൽനടയാത്രക്കാർക്കുള്ള പാത ഭിന്നശേഷി സൗഹൃദമാക്കും.

മൊബൈൽ ആപ് വഴിയായിരിക്കും പ്രവർത്തനങ്ങളുടെ ഏകോപനം. യാത്രയുടെ ആരംഭത്തിൽ തന്നെ എത്തേണ്ട സ്ഥലത്തേക്കുള്ള യാത്രാ ഉപാധി യാത്രക്കാരനു തെരഞ്ഞെടുക്കാം. ആദ്യം ബോട്ട് പിന്നീട് യാത്ര ബസിൽ അതിനുശേഷം ടാക്സിയിൽ തുടങ്ങി യാത്രക്കാരന്റെ സൗകര്യത്തിനനുസരിച്ചുള്ള ഉപാധികൾ ആപിൽ കാണിക്കും.

സ്മാർട്ട് കാർഡ് ഉള്ളവർക്ക് ഒറ്റത്തവണയായി തന്നെ യാത്ര നിരക്ക് അടക്കാവുന്ന സൗകര്യവുമുണ്ടാകും. ഇത്തരം യാത്രയിൽ യാത്രയുടെ ഇടക്കു വച്ച് ഉപാധി മാറ്റാൻ കഴിയില്ല. അതോറിറ്റി നിലവിൽ വരുന്നതോടെ പൊതുഗതാഗത രംഗത്ത് നിലവിലുള്ള മത്സര സ്വഭാവം മാറ്റിയെടുക്കാൻ കഴിയുമെന്ന് പദ്ധതി തയാറാക്കുന്ന നഗര ഗതാഗത വിദഗ്ധർ പറയുന്നു. നിലവിൽ ഗതാഗതം യാത്രക്കാരന്റെ സൗകര്യത്തേക്കാളുപരി ഉടമയുടെ താല്പര്യമാണ് സംരക്ഷിക്കപ്പെടുന്നത്. അത് എല്ലാ മേഖലയിലും നഷ്ടങ്ങളാണ് വരുത്തുന്നത്. അതോറിറ്റി എല്ലാ ഗതാഗത സംവിധാനത്തേയും പരസ്പരം കോർത്തിണക്കുകയാണ് ചെയ്യുന്നത്. ഇവിടെ മത്സരമില്ല. യാത്രക്കാരനാണ് പ്രാമുഖ്യം. സുഗമമായ യാത്ര ആദ്യാവസാനം ഒരുക്കുകയാണ് ലക്ഷ്യം.

ഗതാഗത മന്ത്രി അധ്യക്ഷനായാണ് അതോറിറ്റി രൂപീകരിക്കുന്നത്. ഗതാഗത സെക്രട്ടറി ഉപാധ്യക്ഷനായിരിക്കും. മേയർ, എം എൽ എ, ഗതാഗത മേഖലയിലെ വിദഗ്ധർ എന്നിവരുമുണ്ടാകും. കൂടാതെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖ്യ ചുമതല വഹിക്കും.

ടി.എം. ജേക്കബ്: ചരമ വാർഷിക ദിനാചരണം നടത്തി

പിറവം: മികച്ച നിയമസഭാ സാമാജികനും ജന നേതാവുമായിരുന്ന മുൻ മന്ത്രി ടി.എം. ജേക്കബിന്റെ ഒൻപതാം ചരമ വാർഷിക ദിനാചരണം പിറവം കൈരളീ ഓഡിറ്റോറിയത്തിൽ മുൻ എം.എൽ.എ. വി. ജെ. പൗലോസ് ഉദ്ഘാടനം ചെയ്തു. കേരള രാഷ്ട്രീയത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ഐക്യജനാധിപത്യ മുന്നണിയുടെ നേടും തൂണായിരുന്നു ടി.എം. ജേക്കബ് എന്ന് വി.ജെ. പൗലോസ് അനുസ്മരിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് വിൽസൺ കെ. ജോൺ അധ്യക്ഷത വഹിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി ജെയ്സൺ ജോസഫ്, അനൂപ് ജേക്കബ് എം.എൽ.എ., ആശ സനൽ, റീസ് പുത്തൻവീടൻ, നഗരസഭാ ചെയർമാൻ സാബു കെ. ജേക്കബ്, കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി രാജു പാണലിക്കൽ, വേണു മുളന്തുരുത്തി, എം.പി. ജോസഫ്, കെ.ആർ. പ്രദീപ്കുമാർ, സുനിൽ എടപ്പലക്കാട്ട്, കെ.ജെ. ജോസഫ്, ഡോമി ചിറപ്പുറത്ത്, കെ. ആർ. ജയകുമാർ, ഏലിയാസ് ഈനാകുളം, ജോസഫ് കെ. പുന്നൂസ് എന്നിവർ സംബന്ധിച്ചു.

● ടി.എം. ജേക്കബ് ഒൻപതാം ചരമ വാർഷിക ദിനാചരണം പിറവത്ത് കെ.പി.സി.സി. ജനറൽ സെക്രട്ടറി മുൻ എം.എൽ.എ. വി.ജെ. പൗലോസ് ഉദ്ഘാടനം ചെയ്യുന്നു.

ഓപ്പൺ ജിം നാളെ തുറക്കും

കൊച്ചി: വിശാല കൊച്ചി വികസന അതോറിറ്റിയുടേയും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിന്റെയും (ആരോഗ്യം) സംയുക്ത ആഭിമുഖ്യത്തിൽ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം പരിസരത്ത് സ്ഥാപിച്ചിട്ടുള്ള ഓപ്പൺ ജിം നവംബർ 1 കേരള പിറവി ദിനത്തിൽ രാവിലെ 8ന് പെതുജനങ്ങൾക്കായി തുറന്നുകൊടുക്കും. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 2019–20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ ചെലവഴിച്ചാണ് നിർമാണം പൂർത്തിയാക്കിയിരിക്കുന്നത്. 1000 സ്ക്വയർ ഫീറ്റിൽ സ്റ്റാൻഡിങ് ട്വിസ്റ്റർ, സ്റ്റാറ്റിക് സൈക്കിൾ, ഷോൾഡർ വീൽ ഡബിൾ, എലിപ്റ്റിക്കൽ ക്രോസ് ട്രൈനർ, റോവർ, ചെസ്റ്റ് പ്രസ്, ഷോൾഡർ പ്രസ്, ലെഗ് പ്രസ്, ക്വാഡ്രിസെപ്സ് ബി ടേബിൾ, അബ്ഡോമിനൽ ട്രൈയിനർ എന്നീ ഉപകരണങ്ങളാണ് ജിം തയ്യാറാക്കിയിരിക്കുന്നത്. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി ജിം ഉപയോഗിക്കാം.

● കലക്ടർ എസ്.സുഹാസിന്റെ അധ്യക്ഷതയിൽ ചേർന്ന ഏകജാലക ക്ലിയറൻസ് ബോർഡ് യോഗം

ഏക ജാലക ക്ലിയറൻസ് ബോർഡ് യോഗം ചേർന്നു

കൊച്ചി: ജില്ലയിൽ പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ കലക്ടർ എസ്. സുഹാസിന്റെ അധ്യക്ഷതയിൽ ഏക ജാലക ക്ലിയറൻസ് ബോർഡ് യോഗം ചേർന്നു. 14 പരാതികൾ ആണ് യോഗത്തിൽ പരിഗണിച്ചത്. അവയിൽ 6 പരാതികൾ പരിഹരിച്ചു. ബാക്കിയുള്ള പരാതികൾ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനക്കായി നിർദേശിച്ചു. ആകെ ഉണ്ടായിരുന്ന പരാതികളിൽ ആറെണ്ണം പുതുതായി സമർപ്പിച്ചവ ആയിരുന്നു. എ.ഡി.എം. സാബു. കെ.ഐസക്, ഏകജാലക ക്ലിയറൻസ് ബോർഡ് കൺവീനർ ബിജു.പി.എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡ്
CIN: L85110KL2008PLC021703
ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്, കോതാട് ബ്രിഡ്ജിന് സമീപം, സൗത്ത് ചിറ്റൂർ പി.ഒ., ചേരാനല്ലൂർ, കൊച്ചി, കേരള 682027, ഇന്ത്യ
T: 0484 6699228 E: cs@asterdmhealthcare.com W: www.asterdmhealthcare.com

നോട്ടീസ്

സെബി (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ്, 2015 ന്റെ റെഗുലേഷൻ 47 അനുസരിച്ച്, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിന്റെ ഒരു യോഗം **2020 നവംബർ 10, ചൊവ്വാഴ്ച** ചേരുന്നതായി ഇതിനാൽ അറിയിക്കുന്നു. മറ്റു കാര്യങ്ങൾക്കൊപ്പം കമ്പനിയുടെ 2020 സെപ്റ്റംബർ 30 നു അവസാനിച്ച പാദവാർഷികത്തിലെയും അർദ്ധവാർഷികത്തിലെയും ഓഡിറ്റ് ചെയ്യാത്ത ധനകാര്യഫലങ്ങൾ പരിഗണിക്കുന്നതിനും അംഗീകരിക്കുന്നതിനുമാണ് ഈ യോഗം ചേരുന്നത്. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ വെബ്സൈറ്റ് സന്ദർശിക്കുക: http://www.asterdmhealthcare.com/investors/.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലിമിറ്റഡിനു വേണ്ടി
ഒപ്പ്/-
പൂജ അഗർവാൾ
കമ്പനി സെക്രട്ടറി & കംപ്ലൈയ്ൻസ് ഓഫീസർ

തീയതി: 30.10.2020
കൊച്ചി, ഇന്ത്യ.